# Mathrubhumi

## 22 August 2018

## Kochi, After Flood, Cleaning



# ശുചീകരിക്കാൻ കൈകോർത്ത്

കൊച്ചി ▸ പ്രളയബാധിത മേഖലകൾ ശുചീകരിക്കാൻ നാടൊന്നാകെ കൈകോർക്കുകയാണിപ്പോൾ. ചേരാനെല്ലൂർ പഞ്ചായത്തിൽ ഹൈബി ഈഡൻ എം.എൽ.എ.യുടെ നേതൃത്വത്തിൽ ശുചീകരണം നടത്തി. രാവിലെ പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ ജനപ്രതിനിധികളുടെയും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെയും സന്നദ്ധ സംഘടനകളുടെയും യോഗം ചേർന്നു.

രാവിലെ തന്നെ കോയമ്പത്തൂരിൽ നിന്ന് 4 ടൺ ബ്ലീച്ചിങ് പൗഡർ, 1000 ലിറ്റർ ഫിനോയിൽ, ശുചീകരണത്തിനാവശ്യമായ ഗ്ലൗസുകൾ, മാസ്കുകൾ മുതലായവ എത്തിയിരുന്നു. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ നൽകുന്ന നിർദേശങ്ങൾ ജനങ്ങൾ കർശനമായും പാലിക്കണമെന്ന് എം.എൽ.എ. പറഞ്ഞു.

ഓരോ വാർഡിലും അതത് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിലാണ് ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നത്. സെയ്ന്റ് തെരേസാസ് കോളേജിൽ നിന്നുള്ള വിദ്യാർഥികൾ ശുചീകരണത്തിനായി എത്തിയിരുന്നു.

▶ ചേരാനെല്ലൂരിൽ ഹൈബി ഈഡൻ എം.എൽ.എ.യുടെ നേതൃത്വത്തിൽ നടന്ന ശുചീകരണ പ്രവർത്തനം